# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# മാലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**
**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1906/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 04/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

(ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: സി.4/1906/25 കെ.എസ്.എ/കെ.എൻ.ആർ/ തീയ്യതി: 04/12/2025

# കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-12-2024 മുതൽ 16-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേശൻ. പി.വി | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2025 | 25-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2025 | 25-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ശ്രീജ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശാലിനി പി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജിജില ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വി. ഹൈമാവതി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. പവിത്രൻ. വി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 02-04-2024 |
| ശ്രീമതി. മഞ്ജുഷ. പി.എൻ | സെക്രട്ടറി | 03-04-2024 | 24-09-2024 |
| ശ്രീ. പവിത്രൻ. വി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2024 | 26-12-2024 |
| ശ്രീ. ബ്രൈറ്റ് മോൻ. പി | സെക്രട്ടറി | 27-12-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പവിത്രൻ. വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. മഞ്ജേഷ്കർ. പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ. ഷിനു തോമസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. സംരാഗ്. കെ.പി | വി.ഇ.ഒ, ശിവപുരം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി. സുസ്മിത. പി | വി.ഇ.ഒ, തോലമ്പ്ര സർക്കിൾ | 01-04-2024 | 31-03-2025 |
| ഡോ. ധന്യ. കെ.എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. ജിതേഷ്. എ.പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 07-11-2024 |
| ഡോ. നീനു. സി.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 08-11-2024 | 31-03-2025 |
| ഡോ. ഷിബു. പി.എൻ | വെറ്റിനറി സർജൻ | 01-04-2024 | 23-07-2024 |
| ഡോ. കരിഷ്മ പ്രഭാകർ | വെറ്റിനറി സർജൻ | 24-07-2024 | 24-09-2024 |
| ഡോ. റീനു തോമസ് | വെറ്റിനറി സർജൻ | 25-09-2024 | 31-03-2025 |
| ശ്രീമതി. ആതിര. | ഐ.സി.ഡി.എസ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| കെ.കെ | സൂപ്പർവൈസർ | | |
| ശ്രീമതി. സുഭാഷിണി. കെ | ഹെഡ് മാസ്റ്റർ | 01-04-2024 | 31-05-2024 |
| ശ്രീമതി. സിന്ധു. എ.കെ എൽ.പി.എസ്.എ | ഹെഡ് മാസ്റ്റർ-ഇൻ-ചാർജ്ജ് | 01-06-2024 | 17-06-2024 |
| ശ്രീ. ശ്രീജിത്ത് കുമാർ മമ്മാലി | ഹെഡ് മാസ്റ്റർ | 18-06-2024 | 31-03-2025 |
| ശ്രീ. നിഷാദ്. വി.കെ | ഡയറി എക്സ്റ്ററൻഷൻ ഓഫീസർ | 01-04-2024 | 15-08-2024 |
| ശ്രീമതി. അനുശ്രീ. കെ | ഡയറി എക്സ്റ്ററൻഷൻ ഓഫീസർ | 16-08-2024 | 31-03-2025 |
| ശ്രീ. രജീഷ്. ടി.കെ | ഫിഷറീസ് എക്സ്റ്ററൻഷൻ ഓഫീസർ | 01-04-2024 | 04-11-2024 |
| ശ്രീമതി. സംഗീത. എ | ഫിഷറീസ് എക്സ്റ്ററൻഷൻ ഓഫീസർ | 05-11-2024 | 31-03-2025 |
| ഡോ. കിരൺ കെ.ജി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2024 | 18-05-2024 |
| ഡോ. ഡിജിന പ്രിയ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 19-05-2024 | 18-06-2024 |
| ഡോ. സിബീഷ് എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 19-06-2024 | 30-09-2024 |
| ഡോ. ഐശ്വര്യ ഇ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-10-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സുലേഖ പത്രിക പ്രകാരമുള്ള ചെലവു തുകയും I-6 ഷഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | എം ജി എൻ ആർ ഇ ജി എസ് ഫണ്ട്-ചെലവ് രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-1-8 |
| 10 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി. | 1-1-9 |
| 11 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | ഗ്രാമസഭ | 1-10 |
| 23 | വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. | 1-11 |
| 24 | എഫ് ടി ഇ & ഒ എസ് ലൈസൻസ് - മുഴുവൻ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. | 1-12 |
| 25 | വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് നൽകൽ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 26 | എ.ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 27 | അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ പമ്പും-പ്രവൃത്തി പൂർത്തിയായിട്ടില്ല.₹380000യുടെ ചെലവ് | 1-15 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 28 | തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ - രേഖകൾ ലഭ്യമാക്കിയില്ല.₹286801യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 29 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം നൽകിയ ₹10000 യുടെ ചെലവ് നിരാകരിക്കുന്നു | 1-17 |
| 30 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ -രേഖകൾ ലഭ്യമാക്കിയില്ല - ₹48841 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 31 | മാലിന്യം നീക്കം ചെയ്യുന്നതിനായി ഹരിത കർമ്മ സേനയുടെ വാഹനം ഉപയോഗപ്പെടുത്തിയില്ല - വാഹന വാടക ഇനത്തിൽ തുക ചെലവഴിച്ചു. | 1-19 |
| 32 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല. - ₹4,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 33 | ദീർഘകാല രോഗികളുടെ ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം - മരുന്ന് ലഭിക്കുന്നതിലെ കാലതാമസം - ₹ 1,27,150 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 34 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-₹7233 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 35 | ഭിന്നശേഷിക്കാർക്ക് തയ്യൽ മെഷീൻ - മാർഗ രേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച ₹152600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 36 | കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസിന് നൽകിയ തുക വിനിയോഗിച്ചിട്ടില്ല - ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു . | 1-24 |
| 37 | സ്ത്രീ പദവി പഠനം - നിബന്ധനകൾ പാലിച്ചില്ല | 1-25 |
| 38 | തുടർ സാക്ഷരത - തുടർ പ്രവർത്തന വിവരം അറിയിക്കേണ്ടതാണ്. | 1-26 |
| 39 | മുട്ടക്കോഴി വളർത്തൽ - ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല. | 1-27 |
| 40 | ടാർ ബാരലിന്റെ വില ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല | 1-28 |
| 41 | ജൽജീവൻ മിഷൻ പദ്ധതി- അവലോകനം | 1-29 |
| 42 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം നൽകിയ ₹10000 യുടെ ചെലവ് നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |

| | | |
|---|---|---|
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മാലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10-6-2025 ലെ 2/1/2025 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 25-06-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

04.12.2025.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## 1-1-1 ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ

**അപാകം**

ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക ₹-388439 യഥാർത്ഥ മിച്ചതുക ₹-25013503 യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 191761774 |
| ആകെ ചെലവ് (B) | | 217230364 |
| മിച്ചം തുക C= A-B | | -25468590 |
| Prior Period Income -I-19 | 33324 | |
| Prior Period Expenditure I-18 | -421763 | |
| Net Difference Between Prior Period Income And Expenses I-19-I-18 ( D ) | | 455087 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -25013503 |

യഥാർത്ഥ മിച്ച തുകയായ ₹ -25013503യാണ് ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്.

## 1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

സാക്ഷരത ഫണ്ട് -B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക( ₹524659) B-4ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി(₹505035) പൊരുത്തപ്പെടുന്നില്ല.

## 1-1-3 സുലേഖ പത്രിക പ്രകാരമുള്ള ചെലവു തുകയും I-6 ഷഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഫണ്ടിനങ്ങളുടെ സുലേഖ പത്രിക പ്രകാരമുള്ള ചെലവു തുകയും Income And Expenditure Statement ലെ I-6 ഷഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക | I-6 ഷഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്- പൊതു വിഭാഗം | 19592713 | 19617713 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6902014 | 4529116 |
| എസ് ബി എം ഫണ്ട് | 304168 | 440570 |

## 1-1-4 എം ജി എൻ ആർ ഇ ജി എസ് ഫണ്ട്-ചെലവ് രേഖപ്പെടുത്തിയിട്ടില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ട് ഇനത്തിൽ ലഭ്യമായ 1806948 രൂപയിൽ 1794925 രൂപ ഭരണ ചെലവിനായി ചെലവഴിച്ചിട്ടുണ്ട് (തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്തത്). എന്നാൽ 1-14 F ഷെഡ്യൂളിൽ Administrative Expense ആയി 59 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും

**പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹10015568 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-26348879 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

1. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-7 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

**1-1-8 കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.**

Liability In Respect Of Stale Cheque എന്നശീർഷകത്തിൽ 36,911 രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. മേൽ ചെക്കുകളിൽ മൂന്ന് വർഷം കഴിഞ്ഞ ചെക്കുകൾ പരിശോധിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

**1-1-9 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി.**

പ്രൊജക്ട് നമ്പർ 225/25 , അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ പമ്പും എന്ന പ്രൊജക്ട് പ്രകാരം ₹129000 ഭൂജല വകുപ്പിലും പ്രൊജക്ട് നമ്പർ 4/25 തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ എന്ന പ്രൊജക്ട് പ്രകാരം ₹286801 കെ.എസ്.ഇ.ബി യിലും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുക B-18 ഷെഡ്യൂളിൽ Advance To Implimenting Agencies എന്ന ശീർഷകത്തിലുൾപ്പെടുത്താതെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് ആസ്തിയായി രേഖപ്പെടുത്തി.

**1-1-10 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല**

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. എം.ജി.എൻ.ആർ ഇ.ജി.എസ് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ മാത്രമാണ് Capital Contribution ശീർഷകത്തിലേക്ക് മാറ്റിയത്.

**1-1-11 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.**

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന

വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തു നികുതി, വാടക എന്നീ ഇനത്തിൽ സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

മാലൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 12-02-2024 തീയതിയിലെ 46/2024 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 28-02-2025 ലെ 1/2025 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 13678248 | 18470936 |
| വരവ് | 225741000 | 258866820 |
| ആകെ | 239419248 | 277337756 |
| ചെലവ് | 236997400 | 266774197 |
| നീക്കിയിരിപ്പ് | 2421848 | 10563559 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33314812 |
| വരവ് | 54212181 |
| ആകെ | 87526993 |
| ചെലവ് | 44196613 |
| നീക്കിയിരിപ്പ് | 43330380 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 10000 |
| തടസ്സപ്പെടുത്തിയ തുക | 1552625 |

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20516000 | 20516000 | 19592713 | 923287 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 756000 | 756000 | 598102 | 157898 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 857000 | 857000 | 586241 | 270759 |
| മെയിന്റനൻസ്, റോഡ് | 0 | 14983000 | 14983000 | 14028834 | 954166 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5805000 | 5805000 | 4017973 | 1787027 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) | ബാങ്ക് | 2109112 | 7855112 | 9964224 | 3516133 | 6448091 |
| | ട്രഷറി | 0 | 1579460 | 1579460 | 348038 | 1231422 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) ബാങ്ക് | ബാങ്ക് | 981937 | 3631056 | 4612993 | 3038025 | 1574968 |
| | ട്രഷറി | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | | 0 | 51450736 | 51450736 | 51445884 | 4852 |
| ഐ.സി.ഡി.എസ് | | 2606933 | 2375331 | 4982264 | 1826185 | 3156079 |
| ടി.എസ്.സി | | 994066 | 0 | 994066 | 0 | 994066 |
| ലൈബ്രറി ഗ്രാന്റ് | | 38200 | 0 | 38200 | 0 | 38200 |
| എം പി ഫണ്ട് | | 56065 | 0 | 56065 | 0 | 56065 |
| ശുചിത്വ മിഷൻ ഫണ്ട് | | 1126481 | 203596 | 1330077 | 167766 | 1162311 |
| സാക്ഷരത | | 493907 | 11128 | 505035 | 0 | 505035 |
| ഹെൽത്ത് ഗ്രാന്റ് വെൽനസ് | | 365687 | 583284 | 948971 | 63081 | 885890 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് | | 659426 | 375495 | 1034921 | 51458 | 983463 |
| ഹെൽത്ത് ഗ്രാന്റ് ബിൽഡിങ്ങ് കൺസ്ട്രക്ഷൻ | | 2805500 | 95097 | 2900597 | 0 | 2900597 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 617936 | 3315112 | 3933048 | 2360000 | 1573048 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | | 129618 | 0 | 129618 | 3595 | 126023 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 290 | 127122842 | 204 | 68016005 | 35 | 86 | 169 | 58.28 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 3108161 | 3107051 | 99.96 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 2054750 | 1554750 | 75.67 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 17 | 10 | 4924606 | 1901795 | 38.62 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 1250000 | 1244250 | 99.54 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 240000 | 91200 | 38 |
| വി.ഇ.ഒ | 35 | 28 | 37524333 | 15994780 | 42.63 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 22 | 20 | 7886756 | 6275265 | 79.57 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2100000 | 1810612 | 86.22 |
| സെക്രട്ടറി | 59 | 30 | 19336769 | 6029078 | 31.18 |
| ഹെഡ് മാസ്റ്റർ | 18 | 16 | 1977719 | 1672571 | 84.57 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 102 | 65 | 45185998 | 27366167 | 60.56 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 11 | 1283750 | 718486 | 55.97 |
| ആകെ | 290 | 204 | 127122842 | 68016005 | 53.50 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1806948 | 1806948 | 1802096 | 4852 |
| തൊഴിലാളികളുടെ കൂലി (സാധന സാമഗ്രികൾ ഉൾപ്പെടെ) | | 37981420 | 37981420 | 49643788 | - |
| ആകെ | 0 | 51450736 | 51450736 | 51445884 | 4852 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 9281600 | 477 |
| വിധവാപെൻഷൻ | 16081700 | 900 |
| വാർദ്ധക്യകാലപെൻഷൻ | 25835400 | 1506 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 5301800 | 279 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2867600 | 161 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-2025 തീയതിയിൽ 2.40 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 63450 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതായിട്ടുണ്ട്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്ഥി ഫലപ്രദമായി ഉപയോഗിക്കാതെ നിഷ്ക്രീയമായി കിടക്കുന്ന അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഹരിത കർമ്മസേനക്ക് വേണ്ടി വാഹനം വാങ്ങിയിട്ടും ആയത് ഉപയോഗപ്പെടുത്താതെ അജൈവ മാലിന്യം എം.സി.എഫിലേക്ക് മാറ്റുന്നതിനായി വാഹനം വാടക്ക് എടുത്ത വകയിൽ തുക ചെലവ് ചെയ്യേണ്ടി വന്നിട്ടുണ്ട്. ഹരിത കർമ്മസേനക്ക് വേണ്ടി വാങ്ങിയ വാഹനത്തിന്റെ തകരാർ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2024-25 വർഷം 2 തവണയാണ് ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുള്ളത്. 2024-25 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, മാലിന്യമുക്ത നവകേരളം, 2025-26വാർഷിക പദ്ധതി രൂപീകരണം, 2024-25 വാർഷിക പദ്ധതി അഡിഷനൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ

ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്ട്വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. സ.ഉ.(സാ.ധാ)നം. 2500/2024/ ത.സ്വ.ഭ.വ തീയതി 19.12.2024 ഉത്തരവ് പ്രകാരം വേതന നിരക്ക് പരിഷ്കരിച്ച് വന്നതിനനുസരിച്ച് യോഗ്യരായ 26 പേരെ തിരഞ്ഞെടുക്കുകയും. നിലവിൽ 4 വാർഡുകളിൽ കെട്ടിടങ്ങളുടെ അളവെടുപ്പ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 340 എണ്ണം 9 ബി ഫോറം ലഭിച്ചിട്ടുണ്ട്. വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കുന്നതിനുള്ള സംവിധാനം നിലവിൽ ലഭ്യമല്ലാത്തതിനാൽ നികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല. വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 എഫ് ടി ഇ & ഒ എസ് ലൈസൻസ് - മുഴുവൻ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

മാലൂർ ഗ്രാമപഞ്ചായത്തിന്റെ കണ്ണൂർ വിവര സഞ്ചയിക റിപ്പോർട്ട് 2023-2024 പ്രകാരം, ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി 38 വ്യവസായ സ്ഥാപനങ്ങളും, 591 വ്യാപാര വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. അതിൽ 29 വ്യവസായ സ്ഥാപനങ്ങൾക്കും, 428 വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കുമാണ് ലൈസൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനായി 32/22.11.2025 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി, ഫീൽഡ് പരിശോധനന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എഫ് ടി ഇ & ഒ എസ് ലൈസൻസ് ബാധകമായ മുഴുവൻ വാണിജ്യ/വ്യവസായ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് നൽകൽ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടിക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പട്ടി, പന്നി എന്നിവ കൈവശം വയ്ക്കുന്നതിനും വളർത്തുന്നതിനും ലൈസൻസിനായി അപേക്ഷിക്കേണ്ടതാണെന്നും അപേക്ഷയോടൊപ്പം പേപ്പട്ടി വിഷബാധയ്ക്ക് എതിരായുള്ള പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ടെന്ന മൃഗഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിന് ശേഷം ലൈസൻസ് നേടുന്ന വളർത്തുപട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഡോഗ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2022-23, 2023-24, 2024-25 വർഷങ്ങളിൽ യഥാക്രമം 198, 63, 27 വളർത്തുപട്ടികൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. W.P.(C) No. 13204/2021 കേസുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.08.2021 ലെ RC3/241/2021/LSGD നമ്പർ സർക്കുലർ പ്രകാരം, വളർത്തു മൃഗങ്ങളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കണമെന്ന് അറിയിപ്പ് നൽകുന്നതിനായി പൊതു നോട്ടീസ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും, വളർത്തു നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി

ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ, ലൈസൻസ് കൂടാതെ പട്ടി, പന്നി എന്നിവയെ വളർത്തുന്നതിന് മേൽ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പിഴ ഈടാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ 31/22.11.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, വളർത്തു മൃഗങ്ങൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കണമെന്ന പൊതുനോട്ടീസ് പുറപ്പെടുവിക്കുന്നതിനും, ലൈസൻസില്ലാതെ പട്ടി, പന്നി എന്നീ മൃഗങ്ങളെ വളർത്തുന്നവരെ കണ്ടെത്തുന്ന മുറക്ക് പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-14 എ.ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 3/25 എ.ബി.സി പദ്ധതിക്ക് തുക നൽകൽ |
| അടങ്കൽ | ₹1,00,000 വികസന ഫണ്ട്-പൊതുവിഭാഗം |
| ചെലവ് | ₹1,00,000 ബിൽ നം : 203/13-1-2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാധാ) 2065/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹100000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 10/20-11-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ പമ്പും-പ്രവൃത്തി പൂർത്തിയായിട്ടില്ല.₹380000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നമ്പർ/ പേര് | 225/25 – അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ പമ്പും | 253/25 – വിവിധ അങ്കണവാടികൾക്ക് മോട്ടോർ പമ്പും ടാങ്കും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ |
| അടങ്കൽ | ₹129000 –ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ₹251000 – തനത് ഫണ്ട് |
| ചെലവ് | ₹129000ബിൽ നമ്പർ: 254/8-1-2025 | ₹251000 ബിൽ നമ്പർ: 255/28-1-2025 |

ഗ്രാമപഞ്ചായത്തിലെ കരോത്ത് വയൽ അങ്കണവാടി, മെരുവമ്പേരി അങ്കണവാടി, വെള്ളിലോട് അങ്കണവാടി എന്നീ അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിനും മോട്ടോറും

അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുമായി ഭൂജല വകുപ്പ് കണ്ണൂർ ജില്ല ഓഫീസറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് നമ്പർ 225/ 25 പ്രകാരം ₹129000 യും പ്രൊജക്ട് നമ്പർ 253/25 പ്രകാരം ₹251000 യും ഉൾപ്പെടെ ആകെ ₹380000 ഭൂജല വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ വിവരം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 11/20-11-25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിന് ഭൂജലവകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവലഭ്യമായിട്ടില്ലാത്തതിനാൽ ₹380000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ - രേഖകൾ ലഭ്യമാക്കിയില്ല.₹286801യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 4/25 തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ |
| അടങ്കൽ | ₹600000 വികസന ഫണ്ട് - പൊതുവിഭാഗം |
| ചെലവ് | ₹286801 ബിൽ നമ്പർ : 480/25-3-2025 |

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈൻ ഇല്ലാത്ത വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം ₹286801 ശിവപുരം കെഎസ്ഇബി സെക്ഷന് നൽകിയിട്ടുണ്ട്. സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 12/20-11-25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്താൽ ₹286801യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം നൽകിയ ₹10000 യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.എൽ.പി സ്കൂൾ, കാഞ്ഞിലേരി |
| പ്രൊജക്ട്ര് നമ്പർ/ പേര് | 237/25, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 30000 (വികസന ഫണ്ട് -എസ്.സി.പി ) |
| ചെലവ് | ₹25000, ബിൽ നം.106/18.10.2024 |

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022) ഖ.7.2.4 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ് അനുവദിക്കാവുന്നതാണ്. മേൽ പ്രൊജക്ട് പ്രകാരം 2024-25 വർഷം ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (D.El.Ed) കോഴ്സ് മൂന്നാം സെമസ്റ്റർ വിദ്യാർത്ഥിനിയായ വിജിഷ്ന. ഇ.വി എന്ന വിദ്യാർത്ഥിനിക്ക് 25000 രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗരേഖ ഖ.7.2.4 പ്രകാരം പ്രസ്തുത കോഴ്സിന്

പഠിക്കുന്ന വിദ്യാർത്ഥിക്ക് അനുവദിക്കാവുന്ന പരമാവധി സ്കോളർഷിപ്പ് തുക 15,000 രൂപയാണ്. അർഹമായതിലും അധികമായി ധനസഹായം അനുവദിച്ചതിന് കാരണം അറിയിക്കുന്നതിനായി നൽകിയ 21.11.2025 ലെ 19ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പ്രൊഫഷണൽ കോഴ്സുകൾക്ക് 25000 രൂപയുടെ സ്കോളർഷിപ്പിന് അർഹതയുള്ളതിനാലും D.El.Ed പ്രൊഫഷണൽ കോഴ്സ് ആയതിനാലുമാണ് 25000 രൂപ അനുവദിച്ചത് എന്നാണ് അറിയിച്ചത്. എന്നാൽ എഞ്ചിനീയറിംഗ്,മറ്റ് പ്രൊഫഷണൽ ബിരുദ കോഴ്സുകൾ എന്നിവയ്ക് മാത്രമാണ് 25000 രൂപയുടെ സ്കോളർഷിപ്പിന് അർഹത. D.El.Ed കോഴ്സ് പ്ലസ്ടുവിനു ശേഷമുള്ള മറ്റ് അംഗീകൃത റഗുലർ കോഴ്സ് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. പ്രസ്തുത വിഭാഗത്തിലുള്ള കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക 15000 രൂപയാണ്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 10,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-18 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ -രേഖകൾ ലഭ്യമാക്കിയില്ല - ₹48841 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ,ജി.എൽ.പി സ്കൂൾ കാഞ്ഞിലേരി |
| പ്രൊജക്ട് നമ്പർ/ പേര് | 178/25 (SO), പട്ടികവർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ | ₹48841 (വികസന ഫണ്ട് -ടി.എസ്.പി )<br>₹4000 (തനത് ഫണ്ട്)<br>ആകെ – ₹52841 |
| ചെലവ് | ₹48841, ബിൽ നം. 8/09.05.2024 |

മേൽ പ്രൊജക്ട് പ്രകാരം പട്ടിക വർഗ്ഗ വിഭാഗത്തിൽ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി 9 മേശയും കസേരയും വിതരണം ചെയ്ത ആർട്കോ ലിമിറ്റഡ്,കോഴിക്കോട് എന്ന സ്ഥാപനത്തിന് 48841 രൂപ അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.
2. ജിതിൻ.കെ, ശ്രീയ.സി.പി, ദിയ കൃഷ്ണ , ധ്യാൻ കൃഷ്ണ, അന്വേയ വിജേഷ്, സനിഷ എന്നീ ആറ് വിദ്യാർത്ഥികളുടെ അപേക്ഷയും അനുബന്ധ രേഖകളുംമാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ശേഷിക്കുന്ന മൂന്ന് പേരുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. ഫർണിച്ചർ ലഭ്യമായതിന്റെ ഡെലിവെറി ചലാൻ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഒറിജിനൽ ടാക്സ് ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല.
4. ജിതിൻ.കെ, ശ്രീയ.സി.പി എന്നിവർക്ക് ഒഴികെ മറ്റ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക് ലഭ്യമാക്കിയിട്ടില്ല. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022) ഖണ്ഡിക 7.2.6 പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്ന വ്യവസ്ഥ ഉണ്ട്. എന്നാൽ ആയത് മേൽ പ്രൊജക്ടിൽ പാലിച്ചിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ 21.11.2025 ലെ 20ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹48841 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 മാലിന്യം നീക്കം ചെയ്യുന്നതിനായി ഹരിത കർമ്മ സേനയുടെ വാഹനം ഉപയോഗപ്പെടുത്തിയില്ല - വാഹന വാടക ഇനത്തിൽ തുക ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ശിവപുരം |
| പ്രൊജക്ട് നമ്പർ/പേര് | 233/2025 (SO), മിനി എം.സി.എഫിൽ നിന്നും എം.സി.എഫിലേക്ക് അജൈവ മാലിന്യങ്ങൾ കൊണ്ടു പോകുന്നതിനുള്ള വണ്ടി വാടക. |
| അടങ്കൽ | ₹264120 (തനത് ഫണ്ട്) |
| ചെലവ് | ₹44590 ബിൽ നം 93/01.10.2024<br>₹37625 ബിൽ നം 128/13.11.2024<br>₹32550 ബിൽ നം 235/21.01.2025<br>₹19285 ബിൽ നം 295/14.02.2025<br>₹49000 ബിൽ നം 346/06.03.2025<br>₹49700 ബിൽ നം 394/14.03.2025<br>₹30240 ബിൽ നം 467/24.03.2025<br>ആകെ ₹262990 |

2023-24 വർഷം ഹരിതകർമ്മ സേന വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യം മിനി എം.സി.എഫുകളിൽ നിന്നും എം.സി.എഫിലേക്ക് എത്തിക്കുന്നതിന് വാഹനം വാടയ്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ( കിലോമീറ്ററിന് 35 രൂപ നിരക്കിൽ ) ക്വാട്ട് ചെയ്ത ശ്രീനിവാസൻ വി എന്നവരുടെ ക്വട്ടേഷൻ 25.04.2023 ലെ 33/177/2023 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം ആകെ 262990 രൂപ പ്രസ്തുത ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പ്രൊജക്ട് നം. 186/23 പ്രകാരം 424438 രൂപ ചെലവഴിച്ച് ഹരിത കർമ്മ സേനയ്ക്ക് KL 58 AH 3361 നമ്പർ ഇലക്ട്രിക് വാഹനം (രജിസ്ട്രേഷൻ തീയതി-01.04.2023) വാങ്ങിയിട്ടുണ്ട്. ഹരിത കർമ്മ സേനയ്ക്ക് സ്വന്തമായി വാഹനം ഉണ്ടെന്നിരിക്കെ വാഹനം വാടകക്ക് എടുക്കുന്നതിനായി തുക ചെലവഴിച്ചതിന്റെ കാരണം അറിയിക്കുന്നതിനും വാഹനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനുമായി നൽകിയ 24.11.2025 ലെ 34ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി വാഹനം മാലിന്യം കൊണ്ടു പോകുന്നതിനായി ഉപയോഗിച്ചിരുന്നു എന്നും ഹരിത കർമ്മസേനാംഗം ആയിരുന്നു വാഹനം ഓടിച്ചിരുന്നതെന്നും പ്രസ്തുത വാഹനം രണ്ട് തവണ അപകടത്തിൽ പെട്ടതിനാൽ തുടർന്ന് ഓടിക്കുന്നതിന് അവർ തയ്യാറായില്ല എന്നും അറിയിച്ചിട്ടുണ്ട്. മാസത്തിൽ 15 ദിവസം മാത്രം ഉള്ള ജോലി ആയതിനാൽ മറ്റു ഡ്രൈവർമാർ വാഹനം ഓടിക്കാൻ തയ്യാറല്ലാത്തതിനാൽ മാലിന്യം നീക്കം ചെയ്യുന്നത് തടസ്സപ്പെടാതിരിക്കാനാണ് പുറത്തു നിന്നും വാഹനം വാടകയ്ക്ക് എടുക്കേണ്ടി വന്നതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2023 മാർച്ചിൽ ഹരിതകർമ്മ സേനക്ക് സ്വന്തമായി വാഹനം വാങ്ങിയിട്ടും തൊട്ടടുത്ത മാസം മുതൽ വാഹന വാടക ഇനത്തിൽ തുക നൽകി വരുന്നുണ്ട്. ആയതിൽ നിന്നും വളരെ ചുരുങ്ങിയ കാലയളവിൽ മാത്രമാണ് വാഹനം മാലിന്യം നീക്കം ചെയ്യാൻ ഉപയോഗിച്ചിരുന്നതെന്ന് വ്യക്തമാണ്. പ്രസ്തുത വാഹനത്തിന് 3 വർഷം വാറണ്ടി ഉണ്ടെന്നിരിക്കെ ആയത് റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കാതെ വാഹന വാടക ഇനത്തിൽ വൻ തുക ചെലവഴിക്കുന്നത് ശരിയായ നടപടി അല്ല. മാത്രമല്ല ഉപയോഗിക്കാത്ത വാഹനത്തിന്റെ ഇൻഷുറൻസ് പുതുക്കുന്നതിനും വർഷാവർഷം ആറായിരത്തിലധികം രൂപ ചെലവഴിക്കുന്നുണ്ട്. വാഹനം ഓടിക്കാൻ തൽപര്യമുള്ള മറ്റ് ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയോ താല്പര്യമുള്ള ഡ്രൈവർമാരെ കണ്ടെത്തിയോ വാഹനം മാലിന്യ നീക്കം ചെയ്യുന്നതിന്

ഉപയോഗിക്കാത്ത പക്ഷം ലക്ഷങ്ങൾ വില നൽകി വാങ്ങിയ വാഹനം ഉപയോഗശൂന്യമായി പോകുന്നതിന് കാരണമാകും. വാഹനം ഉപയോഗപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല. - ₹4,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 162/25, പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹4,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹4,00,000 (262/01.02.2025) |

പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങുന്നതിനായി തയ്യാറാക്കിയതാണ് പ്രോജക്ട്. മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം ₹4,00,000 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (പ്രൊഫോർമ ഇൻവോയിസ് – 2738/30.12.2024) നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല. ₹4,00,000 യുടെ മരുന്ന് ലഭിക്കുവാൻ ബാക്കിയുള്ളതായി ഓഡിറ്റ് എൻക്വയറി (6/20.11.2025) ക്കുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാവാത്തതിനാൽ ₹4,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ദീർഘകാല രോഗികളുടെ ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം - മരുന്ന് ലഭിക്കുന്നതിലെ കാലതാമസം - ₹ 1,27,150 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രോജക്ട് നമ്പർ/ പേര് | 165/25, ദീർഘകാല രോഗികളുടെ ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം |
| അടങ്കൽ | ₹ 9,00,000 വികസന ഫണ്ട് പൊതുവിഭാഗം<br>₹ 3,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ – ₹ 12,00,000 |
| ചെലവ് | ₹ 8,55,206 വികസന ഫണ്ട് പൊതുവിഭാഗം<br>₹ 3,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ – ₹ 11,55,206 |

ഗ്രാമപഞ്ചായത്തിലെ കിടപ്പിലായ രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിനും, അവർക്ക് വേണ്ട ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ വാങ്ങുന്നതിനുമായി രൂപീകരിച്ചതാണ് പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി ₹5,60,000 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ താഴെ പറയും പ്രകാരം മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്.

| പ്രൊഫോർമ ഇൻവോയിസ് | നൽകിയ തുക / ബിൽ നം. | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാവാൻബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|---|

| | | | |
|---|---|---|---|
| PRF 2798/06.01.2025 | 2,60,000 263/01.02.2025 | 2,98,769 | 87,363 |
| | 1,26,132 BRN.24220452005801471864 /10.03.2025 | | |
| PRF 2339/05.12.2024 | 1,73,868 BRN.24220452005801070795/ 20.12.2024 | 1,34,081 | 39,787 |
| ആകെ | 5,60,000 | 4,32,850 | 1,27,150 |

₹ 1,27,150 യുടെ മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുള്ളതായി ഓഡിറ്റ് എൻക്വയറി (7/20.11.2025) ക്കുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. മരുന്ന് മുഴുവനായി ലഭ്യമാവാത്തതിനാൽ ₹ 1,27,150 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-₹7233 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ /പേര് | 11/25 ഗവ. ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,50,000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | ₹2,50,000 (ബിൽ നമ്പർ :197/02.01.2025) |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ₹2,50,000കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടരുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-34306403911) കൈമാറിയിട്ടുണ്ട്. താഴെ പറയുന്ന ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ടാക്സ് ഇൻവോയ്സ് നമ്പർ,തീയതി | തുക |
|---|---|---|
| 1 | LF-2902/12-03-2025 | ₹103856 |
| 2 | LF-352/05-06-2025 | ₹49334 |
| 3 | LF-1173/16-08-2025 | ₹40747 |
| 4 | LF-1721/09-10-2025 | ₹40101 |
| 5 | LF-1824/17-10-2025 | ₹956 |
| 6 | LF-1955/27-10-2025 | ₹7773 |

| | | |
|---|---|---|
| | ആകെ | 242767 |

ബാക്കി ₹7233 യുടെ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനനക്കായി ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/18-11-25) ₹7233 യുടെ മരുന്നുകൾ ഇതേവരെ ലഭ്യമായിട്ടില്ല എന്നും മരുന്ന് ലഭ്യമായാലുടൻ ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മരുന്ന് ലഭ്യമായിട്ടില്ലാത്തതിനാൽ ₹7233 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഭിന്നശേഷിക്കാർക്ക് തയ്യൽ മെഷീൻ - മാർഗ രേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച ₹152600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ , പേര് | 235/25 ഭിന്നശേഷിക്കാർക്ക് തയ്യൽ മെഷീൻ |
| അടങ്കൽ | ₹300000 വികസന ഫണ്ട്-പൊതു വിഭാഗം |
| ചെലവ് | ₹152600 ബിൽ നമ്പർ: 110/25-10-2024 |

മേൽ പ്രൊജക്ട് പ്രകാരം ₹152600 ചെലവഴിച്ച് ഡ്രീം ഹോം ഫർണിച്ചർ. കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 14 തയ്യൽ മെഷീനുകൾ വാങ്ങി ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ രേഖ സ.ഉ (കൈ) 115/2022/തസ്വഭവ തീയതി 28-5-2022 ഖണ്ഡിക 7.1.2 ൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിനായി ഏതൊക്കെ ഇനങ്ങൾ സൗജന്യമായി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം സൗജന്യമായി നൽകാവുന്ന ഇനങ്ങളിൽ തയ്യൽ മെഷീൻ ഉൾപ്പെട്ടിട്ടില്ല. തയ്യൽ മെഷീൻ പ്രവർത്തിപ്പിക്കാൻ പ്രാപ്തരാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് മെഷീൻ അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ തയ്യൽ പരിശീലനം ലഭിച്ചവരാണോയെന്ന് വ്യക്തമാക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ 26/22-11-25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഭിന്നശേഷിക്കാരായ വ്യക്തികളുടെ സാമ്പത്തികപുനരധിവാസവും ഉപജീവനവും ലക്ഷ്യമിട്ടാണ് പ്രൊജക്ട് നടപ്പാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്. 19-4-2022 ലെ സ ഉ (കൈ) 84/2022/തസ്വഭവ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗയിലെ ഖണ്ഡിക 6.4(ബി-1) പ്രകാരം ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ക്ഷേമ പരിപാടികളും പുനരധിവാസ വികസന പരിപാടികളും പ്രത്യേകപദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സബ്സിഡി അനുവദിക്കുമ്പോൾ 28-5-2022 ലെ സ ഉ (കൈ) 115/2022/ തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗരേഖ നിബന്ധനകൾ പാലിക്കേണ്ടതാണ്. പ്രസ്തുത മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളുവെന്നും ഖണ്ഡിക 5 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സൌജന്യമായി തയ്യൽ മെഷീൻ വാങ്ങി നൽകുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടില്ല. മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച ₹152600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസിന് നൽകിയ തുക വിനിയോഗിച്ചിട്ടില്ല - ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ | ഐ.സി.ഡി,എസ് സൂപ്പർവൈസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രൊജക്ട് നമ്പർ , പേര് | 267/25 കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസിന് തുക നൽകൽ |
| അടങ്കൽ | ₹50,000 വികസന ഫണ്ട്-പൊതു വിഭാഗം |
| ചെലവ് | ₹50,000 ബിൽ നമ്പർ: 422/18-3-2025 |

ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ ആവണി പ്രകാശ് എന്ന കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസിനായി മേൽ പ്രൊജക്ട് പ്രകാരം 50,000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് (A/C No. 3301005800000015) കൈമാറിയിട്ടുണ്ട്. കേരള സർക്കാറിന്റെ 9-11-2023 ലെ സർക്കുലർ നമ്പർ DA1/284/2023-തസ്വഭവ പ്രകാരം തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിൽ അടവാക്കി ട്രാൻസാക്ഷൻ രശീതും കുട്ടികളുടെ ലിസ്റ്റും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറേണ്ടതാണെന്നും മെയിന്റനൻസിന്റെ യൂണിറ്റ് കോസ്റ്റായി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച തുക സാമ്പത്തിക വർഷാദ്യം തന്നെ പ്രൊജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനും വർഷാവസാനം തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 24/22-11-25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ മെയിന്റനൻസ് ആവശ്യമായി വരാത്തതിനാൽ തുക വിനിയോഗിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. തുക വിനിയോഗിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തുക കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസിനായി ചെലവഴിച്ചിട്ടില്ലാത്തതിനാൽ ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

## 1-25 സ്ത്രീ പദവി പഠനം - നിബന്ധനകൾ പാലിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ , പേര് | 236/25 സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹194277 വികസന ഫണ്ട്-പൊതു വിഭാഗം |
| ചെലവ് | ₹4825 ബിൽ നമ്പർ: 105/18-10-2024<br>₹27250 ബിൽ നമ്പർ: 129/16-11-2024<br>₹11200ബിൽ നമ്പർ: 251/28-1-2025<br>₹70000 ബിൽ നമ്പർ: 444/22-3-2025<br>ആകെ-₹113275 |

മേൽ പ്രൊജക്ടിന്റെ ഭാഗമായി സ്ത്രീ പദവി പഠന റിപ്പോർട്ടുകൾ പ്രിന്റ് ചെയ്തതിന് WICO Press , Kuthuparamba എന്ന സ്ഥാനത്തിന് ബിൽ നമ്പർ: 444/22-3-2025 പ്രകാരം ₹70000 അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ ആസൂത്രണ സമിതിയുടെ 28-02-2023ലെ 444/2022-23/ ഡി.പി.സി./ഡി.പി.ഒ./ കെ.എൻ.ആർ നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം സ്ത്രീ പദവി പഠനം പ്രോജക്ടുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് പ്രിന്റിംഗ് ഇനത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുക 50000 രൂപയാണ്. ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ചതിലും അധികമായി 20000 രൂപ ചെലവഴിച്ചതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട്

നൽകിയ 27/22-22-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 175 പേജുകളുള്ള പഠന റിപ്പോർട്ടിൽ കവർ പേജ് ഉൾപ്പെടെ 40 കളർപേജുകൾ ഉള്ളതിനാലാണ് കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രിന്റിംഗ് ഇനത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുക മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ ധനമിതവ്യയം പാലിക്കാതെ തുക ചെലവഴിച്ചത് ഉചിതമല്ല. അധികം ചെലവഴിച്ച തുകയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങിക്കേണ്ടതാണ്.

## 1-26 തുടർ സാക്ഷരത - തുടർ പ്രവർത്തന വിവരം അറിയിക്കേണ്ടതാണ്.

| | | |
|---|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ,ജി.എൽ.പി സ്കൂൾ കാഞ്ഞിലേരി | |
| പ്രോജക്ടിന്റെ നമ്പരും പേരും | 147/25, തുടർ സാക്ഷരത 4 7 10 11 തുല്യത | 141/25, പത്താമുദയം – സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹24800 (വികസനഫണ്ട്-പൊതു വിഭാഗം) | ₹16650 (വികസനഫണ്ട്-പൊതു വിഭാഗം) 50000 (ജില്ലാ പഞ്ചായത്ത് വിഹിതം) ആകെ -₹66650 |
| ചെലവ് | ₹9200, ബിൽ നം.118/06.11.2024 ₹15600, ബിൽ നം.283/10.02.2025 ആകെ – 24800 | ₹16650, ബിൽ നം.364/07.03.2025 |

പ്രൊജക്ട് നം.141/25 പ്രകാരം പത്താംതരം തുല്യതയ്ക്കായി 9 പഠിതാക്കൾക്ക് 1850 രൂപ നിരക്കിൽ 16650 രൂപയും, പ്രൊജക്ട് നം. 147/25 പ്രകാരം പ്ലസ് വൺ തുല്യതയ്ക്കായി രജിസ്റ്റർ ചെയ്ത 6 പഠിതാക്കൾക്ക് 2600 രൂപ നിരക്കിൽ 15600 രൂപയും, പ്ലസ്ടു തുല്യതയ്ക്കായി രജിസ്റ്റർ ചെയ്ത 4 പഠിതാക്കൾക്ക് 2300 രൂപ നിരക്കിൽ 9200 രൂപയും ഉൾപ്പെടെ ആകെ 41450 രൂപ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പ്ലസ്ടു തുല്യത പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കുകയും പരീക്ഷ പാസാവുകയും ചെയ്തതായി ഫയൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മറ്റ് പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ 21.11.2025 ലെ 21ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്ലസ് വൺ തുല്യത പരീക്ഷ നടന്നിട്ടുണ്ടെങ്കിലും റിസൽട്ട് പബ്ലിഷ് ചെയ്തില്ല എന്നും പത്താംതരം തുല്യത പരീക്ഷ ഇതുവരെയായും നടന്നിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പരീക്ഷകളുടെ റിസൽട്ട് പ്രസിദ്ധീകരിക്കുന്ന മുറക്ക് പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-27 മുട്ടക്കോഴി വളർത്തൽ - ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 17/25, മുട്ടക്കോഴി വളർത്തൽ |

| | |
|---|---|
| അടങ്കൽ | ₹489000 വികസന ഫണ്ട് (ജനറൽ)<br>₹40750 ഗുണഭോക്തൃ വിഹിതം<br>ആകെ ₹529750 |
| ആകെ ചെലവ് തുക | ₹489000,ബിൽ നം.356/06.03.2025<br>₹40750 ഗുണഭോക്തൃ വിഹിതം<br>ആകെ ₹529750 |

ഒരാൾക്ക് 5 കോഴി കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ഇതിൽ ഒരാൾക്ക് 600 രൂപ സബ്സിഡിയും 50 രൂപ ഗുണഭോക്ത വിഹിതവുമാണ് കണക്കാക്കിയിട്ടുള്ളത്. ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള രശീതി പ്രകാരം 822 പേരിൽനിന്ന് 50 രൂപ വീതം ആകെ 41100 രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ള എഗ്ഗർ നഴ്സറികളുടെ ബില്ലുകൾ പ്രകാരം ആകെ 4075 കോഴികളെ വാങ്ങിയിട്ടുണ്ട്. 822 പേർക്ക് അഞ്ചു വീതം കോഴികളെ വിതരണം ചെയ്യുന്നതിന് 4110 കോഴിക്കുഞ്ഞുങ്ങളെ ലഭിക്കേണ്ടതായിട്ടുണ്ട്. 35 എണ്ണം കോഴി കുഞ്ഞുങ്ങളുടെ കുറവ് വന്നിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഒടുക്കിയ ഏഴ് ഗുണഭോക്താക്കൾക്ക് 2025-26 വർഷം കോഴിയെ നൽകിയിട്ടുണ്ടോ എന്നും നൽകിയിട്ടില്ലെങ്കിൽ ഗുണഭോക്തൃ വിഹിതം തിരികെ നൽകിയിട്ടുണ്ടൊ എന്നും അറിയിക്കുന്നതിനായി നൽകിയ 22.11.2025 ലെ 28ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഏഴ് ഗുണഭോക്താക്കൾക്ക് കോഴിയെ വിതരണം ചെയ്തിട്ടില്ല എന്നും ഗുണഭോക്തൃ വിഹിതം തിരികെ നൽകിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം തിരികെ നൽകി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ടാർ ബാരലിന്റെ വില ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടേയും റോഡ് റീ-ടാറിംഗ് പ്രവൃത്തികളുടേയും ഫൈനൽ ബില്ലുകളിൽ നിന്നും കാലി ടാർ ബാരലിന്റെ വില കണക്കാക്കി കുറവ് ചെയ്തിട്ടുണ്ട്. ബില്ലിൽ നിന്നും കുറവ് ചെയ്ത തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത് (അക്കൗണ്ട് നമ്പർ 37113420549). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ് എം/07 തസ്വഭവ നമ്പർ സർക്കുലറിൽ ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തുക അതേഫണ്ടിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/21-11-2025) പ്രസ്തുത തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്.കുറവ് ചെയ്ത ടാർ ബാരലിന്റെ വില അതത് ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 ജൽജീവൻ മിഷൻ പദ്ധതി- അവലോകനം

സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണിത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ ആകെ ചെലവിന്റെ 50 ശതമാനം തുക കേന്ദ്രസർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനവും 10 ശതമാനം ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്. മാലൂർ ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി ₹469100000 യാണ് ആകെ അടങ്കൽ തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആകെ അടങ്കലിന്റെ 15 ശതമാനം തുകയായ ₹70365000 ഗ്രാമപഞ്ചായത്ത് വിഹിതമായും 10% തുകയായ ₹46910000 ഗുണഭോക്തൃ വിഹിതമായുമാണ് നിശ്ചയിച്ചത്. 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപന വിഹിതമായോ ഗുണഭോക്തൃ വിഹിതമായോ തുകയൊന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. പദ്ധതി

ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ നാളിതുവരെ തുകയൊന്നും പിരിച്ചെടുത്തിട്ടുമില്ല. പഞ്ചായത്തിൽ മതിയായ തനത് വരുമാനം ഇല്ലാത്തതിനാലാണ് പദ്ധതിക്കായി തുക വകയിരുത്താതിരുന്നതെന്ന് 4/18-11-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിക്കായി സ്ഥാപന വിഹിതമായോ ഗുണഭോക്തൃവിഹിതമായോ തുകയൊന്നും വാട്ടർ അതോറിറ്റിക്ക് നൽകാത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ചു കൊണ്ട് പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതും പദ്ധതിയുടെ സുഗമമമായ പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-30 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുളളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.
മാലൂർ ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 31.03.2025 വരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.

| വർഷം | അലോട്ട്മെന്റ് | | | |
|---|---|---|---|---|
| | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
| 2022-23 | - | 2,08,161 | 80,000 | 2,88,161 |
| 2023-24 | 27,75,000 | 8,46,000 | 3,59,000 | 39,80,000 |
| 2024-25 | - | 3,53,000 | 5,71,000 | 9,24,000 |

**ഹെൽത്ത് ഗ്രാന്റ് - ഏറ്റെടുത്ത പദ്ധതികൾ**

ഹെൽത്ത് ഗ്രാന്റ് ചെലവഴിക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികളുടെ വിവരം വിവരം താഴെ ചേർക്കുന്നു

| ഗ്രാന്റ് വർഷം | പദ്ധതിയുടെ പേര് | അലോട്ട്മെന്റ് | ചെലവുവിവരം | | | ആകെ | ബാക്കി |
|---|---|---|---|---|---|---|---|
| | | | 2022-23 | 2023-24 | 2024-25 | | |
| 2021-22 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യം ഏർപ്പെടുത്തൽ (188/23, 210/24) | 2,08,161 (സ്കീം 3) | 1,83,414 | 24,747 | - | 2,08,161 | - |
| 2021-22 | ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളാക്കി ഉയർത്തൽ (211/24) | 80,000 (സ്കീം 4) | - | 79,529 | - | 79,529 | 471 |
| 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ ( 245/24, 247/25 ) | 8,46,000 (സ്കീം 3) | - | 2,00,487 | 51,458 | 251945 | 5,94,055 |
| 2022-23 | ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളാക്കി ഉയർത്തൽ ( 246/25) | 3,59,000 (സ്കീം 4) | - | - | 63,081 | 63,081 | 2,95,919 |

2023-24 വർഷത്തെ ഗ്രാന്റ് ഇനത്തിൽ സ്കീം 3 ൽ ഉൾപ്പെടുത്തി 3,53,000 രൂപയും സ്കീം 4 ൽ ഉൾപ്പെടുത്തി 5,71,000 രൂപയും ഉൾപ്പെടെ 9,24,000 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഗ്രാന്റ് 31.03.2025 വരെ ചെലവഴിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ഹീമോഗ്ലോബിൻ മീറ്റർ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്.
ആതുര സേവനരംഗത്ത് ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാനസൗകര്യവികസനത്തിനുമായി ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ആയതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം നൽകിയ ₹10000 യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.എൽ.പി സ്കൂൾ, കാഞ്ഞിലേരി |
| പ്രൊജക്ട് നമ്പർ/ പേര് | 237/25 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 30000 (വികസന ഫണ്ട് -എസ്.സി.പി ) |
| ചെലവ് | ₹25000, ബിൽ നം.106/18.10.2024 |

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022) ഖ.7.2.4 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ എജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ് അനുവദിക്കാവുന്നതാണ്. മേൽ പ്രൊജക്ട് പ്രകാരം 2024-25 വർഷം ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (D.El.Ed) കോഴ്സ് മൂന്നാം സെമസ്റ്റർ വിദ്യാർത്ഥിനിയായ വിജിഷ്ന. ഇ.വി എന്ന വിദ്യാർത്ഥിനിക്ക് 25000 രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗരേഖ ഖ.7.2.4 പ്രകാരം പ്രസ്തുത കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് അനുവദിക്കാവുന്ന പരമാവധി സ്കോളർഷിപ്പ് തുക 15,000 രൂപയാണ്. അർഹമായതിലും അധികമായി ധനസഹായം അനുവദിച്ചതിന് കാരണം അറിയിക്കുന്നതിനായി നൽകിയ 21.11.2025 ലെ 19ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പ്രൊഫണൽ കോഴ്സുകൾക്ക് 25000യുടെ സ്കോളർഷിപ്പിന് അർഹതയുള്ളതിനാലും D.El.Ed പ്രൊഫഷണൽ കോഴ്സ് ആയതിനാലുമാണ് 25000 രൂപഅനുവദിച്ചത് എന്നാണ് അറിയിച്ചത്. എന്നാൽ എഞ്ചിനീയറിംഗ്,മറ്റ് പ്രൊഫണൽ ബിരുദ കോഴ്സുകൾ എന്നിവയ്ക് മാത്രമാണ് 25000 രൂപയുടെ സ്കോളർഷിപ്പിന് അർഹത. D.El.Ed കോഴ്സ് പ്ലസ്ടുവിനു ശേഷമുള്ള മറ്റ് അംഗീകൃത റഗുലർ കോഴ്സ് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. പ്രസ്തുത വിഭാഗത്തിലുള്ള കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക 15000 രൂപയാണ്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 10,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന

**എ) മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

(01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

| ഓഡിറ്റ് | മെഡിസെപ്പ് | മെഡിസെപ്പ് | ഒടുക്കാൻ | റിമാർക്സ് |
|---|---|---|---|---|

| വർഷത്തിലെ ജീവന ക്കാരുടെ എണ്ണം | പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ബാക്കി നിൽക്കുന്ന തുക | |
|---|---|---|---|---|
| 14 | 90000 | 90000 | 0 | 90000 രൂപയിൽ 80500 രൂപയാണ് പ്രീമിയം തുകയായി ഈടാക്കിയത് . 9500 രൂപ 2 ജീവനക്കാരിൽ നിന്ന് കുടിശ്ശിക ഈടാക്കിയതാണ്. |

**ബി) മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.20204 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**സി) മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടുശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**ഡി) മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവന ക്കാരുടെ എണ്ണം | സർവ്വീസ്സിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടുശ്ശിക ഉൾപ്പടെ | തുക | | |
| 1 | ഡിസംബർ | കുടിശ്ശിക ഈടാക്കിയിട്ടില്ല | 2000 | 0 | മെഡിസെപ് ഇൻഷുറൻസിന്റെ 3 വർഷ കാലയളവ് അവസാനിക്കാനായതിനാൽ കുടിശ്ശിക ഈടാക്കിയിട്ടില്ല. |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 17-11-2025, 18-11-2025 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/1906/25 തീയതി 04.12.2025 |

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2024-25 വർഷം ഗ്രാമപഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്/ നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2024-25 | 50000 | മുളക് ഗ്രാമം പദ്ധതി (95/25) | 50000 | 0 |
| | 2024-25 | 300000 | ദീർഘകാല രോഗികളുടെ ഗൃഹ പരിചരണത്തിനുള്ള ഹോംകെയർ സംവിധാനം (165/25) | 300000 | 0 |
| | 2024-25 | 2410000 | ലൈഫ് 2020ഭവന പദ്ധതി 2024 (83/25) | 2410000 | 0 |
| | 2024-25 | 100000 | ശാരീരിക മാനസിക വെല്ലുവിളി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് (56/25) | | |
| | 2024-25 | 20000 | പാലിന് ഇൻസെന്റീവ് (72/25) | 20000 | 0 |
| ആകെ | | 2880000 | | 2880000 | 0 |
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 50000 | സംയോജിത കൃഷി (118/25) | 50000 | 0 |
| | 2024-25 | 40800 | കരനെൽ കൃഷി(41/25) | 40800 | 0 |
| | 2024-25 | 50000 | മുളക് ഗ്രാമം പദ്ധതി (95/25) | 50000 | 0 |
| | 2024-25 | 100000 | മഞ്ഞൾ ഗ്രാമം (105/25) | 100000 | 0 |
| | 2024-25 | 150000 | സമഗ്ര നെൽകൃഷി വികസനം (27/25) | 150000 | |
| | 2024-25 | 320000 | ലൈഫ് 2020ഭവന പദ്ധതി 2024 (83/25) | 320000 | 0 |
| | 2024-25 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (56/25) | 300000 | 0 |
| | 2024-25 | 400000 | പാലിന് ഇൻസെന്റീവ് (72/25) | 400000 | 0 |
| ആകെ | | 1410800 | | 1410800 | 0 |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ തീയതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ പമ്പും (225/25) | 254/8-1-2025 | ₹129000 | 0 | ₹129000 |
| | വിവിധ | 255/28-1-2025 | ₹251000 | ൦ | ₹251000 |

| | | | | | |
|---|---|---|---|---|---|
| | അങ്കണവാടികൾക്ക് മോട്ടോർ പമ്പും ടാങ്കും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ (253/25) | | | | |
| കെഎസ്ഇബി | തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ (4/25) | 480/25-3-2025 | ₹286801 | 0 | ₹286801 |
| ആകെ | | | ₹666801 | 0 | ₹666801 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും, തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി 2018 (ഹഡ്കോ) | ജി. ഒ. (എം.എസ്) നം.68/ 2018/ ത.സ്വ.ഭ.വ/ 18-5-2018 | 3090754 | 998988 | 656975 | 387397 | | 1268566 |
| ലൈഫ് മിഷൻ ഭവന പദ്ധതി 2022 | ജി. ഒ. (എം.എസ്) നം.68/ 2018/ ത.സ്വ.ഭ.വ/ 18-5-2018 | 2510952 | 2510952 | 0 | 0 | | 2510952 |

| | | | | | | | |
|---|---|---|---|---|---|---|---|
| ആകെ | | | | | | | 3779518 |

## 4-7 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം സ്ഥിര നിക്ഷേപമിനത്തിലുള്ള (ഷെയർ) തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ്(₹) | 20,010 |
| തൻവർഷം നിക്ഷേപിച്ച തുക(₹) | 0 |
| ആകെ(₹) | 20,010 |
| തൻവർഷം പിൻവലിച്ച തുക(₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം(₹) | 20,010 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ**

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക (₹) |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലെപ്മെന്റ് കോർപ്പറേഷനിലെ ഷെയർ നമ്പർ/ തീയതി:4464/15.5.2004 | 20,010 |

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54212181 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44196613 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1552625 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-17 | | 10000 | ശ്രീ. ശ്രീജിത്ത് കുമാർ മമ്മാലി, ഹെഡ് മാസ്റ്റർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-14 | 100000 | ശ്രീ. ബ്രൈറ്റ് മോൻ. പി, സെക്രട്ടറി |
| 1-15 | 380000 | ശ്രീ. ബ്രൈറ്റ് മോൻ. പി, സെക്രട്ടറി |
| 1-16 | 286801 | ശ്രീ. ബ്രൈറ്റ് മോൻ. പി, സെക്രട്ടറി |
| 1-18 | 48841 | ശ്രീമതി സുഭാഷിണി കെ, ഹെഡ് മാസ്റ്റർ |
| 1-20 | 400000 | ഡോ. ഐശ്വര്യ. ഇ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-21 | 127150 | ഡോ. ഐശ്വര്യ. ഇ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-22 | 7233 | ഡോ. നീനു. സി.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-23 | 152600 | ശ്രീമതി. ആതിര. കെ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 50000 | ശ്രീമതി. ആതിര. കെ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 1552625 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. ബ്രൈറ്റ് മോൻ. പി, സെക്രട്ടറി | സെക്രട്ടറി, കരുണാപുരം ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല. | ബ്രൈറ്റ് ഹൗസ്, കൊച്ചറ. പി.ഒ, ഇടുക്കി ജില്ല പിൻ-685551 |
| ശ്രീ. ശ്രീജിത്ത് കുമാർ മമ്മാലി, ഹെഡ് മാസ്റ്റർ | വിരമിച്ചു. | നന്ദിതാസ്, ശിവപുരം. പി.ഒ, മട്ടന്നൂർ |
| ഡോ. ഐശ്വര്യ. ഇ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മാലൂർ | എറോചോടത്ത്, നന്മണ്ട. കോഴിക്കോട് പിൻ-673613 |
| ഡോ. നീനു. സി.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, മാലൂർ | സി.കെ ഹൗസ്, പെരുന്താറ്റിൽ, എരഞ്ഞോളി.പി.ഒ തലശ്ശേരി പിൻ-670107 |
| ശ്രീമതി. ആതിര. കെ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, മാലൂർ | മമ്മാലി ഹൗസ്, കുണ്ടേരി പൊയിൽ, മള്ളന്നൂർ. പി.ഒ |
| ശ്രീമതി സുഭാഷിണി, ഹെഡ് മാസ്റ്റർ | വിരമിച്ചു | പങ്കജ്, നിയർ ഊർപ്പഴശ്ശിക്കാവ് യു.പി. സ്കൂൾ, എടക്കാട് പി.ഒ – 670663 കണ്ണൂർ |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 1 |
| 2010-11 2011-12, | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 1 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 4 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 2 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 2 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 6 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 13 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 10 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ / സി.4/866/2025 തീയതി 10.07.2025 | 13 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/132/2024 തീയതിഃ 13-02-2024 | 22 |
| 2023-24 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/264/2025 തീയതിഃ 10-03-2025 | 23 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1/25 dated 10-06-2025 and submitted on 25-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Malur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Malur Grama Panchayat as on 31-03-2025

**Date: 04/12/2025**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

**Audit Report appended to the Audit Certificate of Malur Grama Panchayat for the Year 2024-2025 .**

**1.Major Observations**

nil

**2.Other Observations**

1.Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure statement .

2. Amount shown as liability in Balance sheet does not match with Bank account opened for the specified grant account( literacy grant).

3. Expenditure of the following fund CFC Grant , SBM fund, Development Fund shown in sulekha expenditure statement does not match with the amount shown in I-6 schedule of income and Expenditure

4. MGNREGS Fund Administrative Expense not recorded in I-14 schedule

5. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

6. Mandatory financial statements such as Ratios, B1 Schedule prescribed in 2011 kerala panchayat raj accounting rules not submitted for audit.

7. Comparitive amounts for the preceding year ,prescribed in 2011 kerala panchayat raj accounting rules not recorded.

8. Stale cheque older than three years not transferred to own fund

9. Amount deposited booked in wrong account head

10. Capital Contribution not updated

11. Lapses in making timely and accurate demand entries in respect of tax and non tax revenue.

12. Asset register not updated

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1
# റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Malur Grama Panchayat<br>RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2024 to 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 33291738.00 |
| Cash | Cash | RP-40(a) | 23074.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1163840.00 |
| 130000000 | Rental income from Panchayat Properties | RP-3 | 225000.00 |
| 140000000 | Fees & User Charges | RP-4 | 7352314.00 |
| 150000000 | Sale & Hire Charges | RP-5 | 181625.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15530105.00 |
| 171000000 | Interest Earned | RP-9 | 795468.00 |
| 311000000 | Earmarked Funds | RP-28 | 35884.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 20860635.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6576908.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 12682.00 |
| 330000000 | Secured Loans | RP-31 | 656975.00 |
| 340000000 | Deposits Received | RP-33 | 94328.00 |
| 350000000 | Other Liabilities | RP-35 | 726417.00 |
| | **Grand total** | | **87526993.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 44500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 373347.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1315126.00 |
| 460000000 | Loans, Advances and Deposits | RP-49 | 380000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 53000.00 |
| 350000000 | Other Liabilities | RP-35 | 42030640.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 43330380.00 |
| Cash | Cash | RP-40(b) | 0.0 |

| | |
|---|---|
| **Grand Total** | **87526993.00** |

**ഡെപ്യൂട്ടി ഡയറക്ടർ,**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-3-2
## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Malur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6008788.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 632495.00 |
| 140000000 | Fee & User Charges | I-4 | 6688718.00 |
| 150000000 | Sale & Hire Charges | I-5 | 186861.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 177436762.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 795468.00 |
| 180000000 | Other Income | I-9 | 12682.00 |
| | **Total Income** | | **191761774.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11504710.00 |
| 220000000 | Administrative Expenses | I-11 | 2141104.00 |
| 230000000 | Operations & Maintenance | I-12 | 1988864.00 |
| 240000000 | Interest & Finance Charges | I-13 | 472.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6793632.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34162898.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 17528808.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 49643788.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 59368100.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 59.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 10097.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 34087832.00 |
| 190000000 | Prior Period Income | I-19 | 33324.00 |
| B | **B-Total Expenditure** | | **217230364.00** |
| C=A-B | **Gross Surplus / Deficit of income over Expenditure before Prior Period Items** | | -25468590.00 |
| 190000000 | Prior Period Income | I-19 | **33324.00** |
| 290000000 | Prior Period Expenses | I-18 | -421763.00 |
| D | Net Difference I-19 – I18 | | -388439.00 |
| E | **Gross Surplus / Deficit of income over Expenditure after Prior Period Items** | | **-25080151.00** |
| 290000000 | **Transfer to Reverse Funds** | | |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.**

## <u>അനുബന്ധം-3-3</u>
## <u>ബാലൻസ് ഷീറ്റ്</u>

| | | | |
|---|---|---|---|
| | **Malur Grama Panchayat**<br>**BALANCE SHEET** | | |
| | As on 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -5517951.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5420.00 |
| 312000000 | Reserves | B-3 | 65215049.00 |
| | **Total Reserve & Surplus** | | **59702518.00** |
| | **Grants, Contributions for Specific Purposes** | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20910875.00 |
| | **Total Grants, Contributions for Specific Purposes** | | **20910875.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3779518.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3779518.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 761440.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1989897.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2751337.00** |
| | **TOTAL LIABILITIES** | | **87144248.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 3230750.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1140510.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 10529456.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 125490479.00 |
| 416000000 | Accumulated Depreciation | B-11(a) | -101593358.00 |
| | **Total Fixed Assets** | | **38797837.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 20010.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **20010.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1729624.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 43330380.00 |
| 460000000 | Loans, Advances and Deposits | B-18 | 3266397.00 |

| | | | |
|---|---|---|---|
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **48326401.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **87144248.00** |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.**